ടി.കെ ഉബൈദ്

ഖുര്‍ആന്‍ ബോധനം

# 1101

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

## സൂക്തം: 37 – 49

ഭൗതിക ലോകത്ത് കൃഷിയിലൂടെയാവട്ടെ കച്ചവടത്തിലൂടെയാവട്ടെ മറ്റു തൊഴിലുകളിലൂടെയാവട്ടെ, സമ്മാനങ്ങളോ ദാനധര്‍മങ്ങളോ ആയിട്ടാവട്ടെ വിഭവലഭ്യത ഉറപ്പുള്ള കാര്യമല്ല; എല്ലാം സംശയാസ്പദമാണ്. കൃഷി നശിക്കാം, കച്ചവടം നഷ്ടപ്പെടാം, അധ്വാനത്തിന് വേതനം ലഭിച്ചില്ലെന്നുവരാം, സംഭാവനയായോ ദാനമായോ ഒന്നും കിട്ടിയില്ലെന്നു വരാം. ആകാംക്ഷയും പ്രതീക്ഷയുമാണ് എല്ലാറ്റിലുമുള്ളത്. എന്നാല്‍ സ്വര്‍ഗീയ വിഭവങ്ങളുടെ കാര്യത്തില്‍ സജ്ജനത്തിന് ആശങ്കക്കോ ആകാംക്ഷക്കോ വകയില്ല. അത് ലഭിക്കുമെന്ന കാര്യം ഉറപ്പാകുന്നു.

بَلْ جَآءَ بِٱلْحَقِّ وَصَدَّقَ ٱلْمُرْسَلِينَ ﴿٣٧﴾

37. അല്ല, അദ്ദേഹം സത്യസന്ദേശവുമായി ആഗതനായിരിക്കുന്നു. പൂര്‍വ ദൈവദൂതന്മാരെ സത്യപ്പെടുത്തുകയും ചെയ്യുന്നു.

**37**

بَلْ = അല്ല جَآءَ = അദ്ദേഹം ആഗതനായിരിക്കുന്നു بِالْحَقِّ = സത്യ(സന്ദേശ)വുമായി

وَصَدَّقَ = അദ്ദേഹം സത്യപ്പെടുത്തുകയും ചെയ്യുന്നു الْمُرْسَلِينَ = പൂര്‍വ ദൈവദൂതന്മാരെ

മുഹമ്മദ് നബി മാന്ത്രികനോ ഭ്രാന്തനോ ആണ് എന്ന ആക്ഷേപത്തിന്റെ ഖണ്ഡിതമായ നിഷേധമാണീ കൊച്ചുവാക്യം. സാരമിതാണ്: നിങ്ങള്‍ പറയുന്നതല്ല യാഥാര്‍ഥ്യം. ജനങ്ങളെ സാക്ഷാല്‍ ദൈവത്തിലേക്ക് പ്രബോധനം ചെയ്യുക, സത്യം ഉപദേശിക്കുക, നീതിയും ധര്‍മവും നടപ്പാക്കാന്‍ ശ്രമിക്കുക തുടങ്ങിയ കാര്യങ്ങളൊന്നും ആഭിചാരകന്മാരുടെയോ ഭ്രാന്തന്മാരുടെയോ സ്വഭാവമല്ല. സത്യദൈവത്തിലേക്ക് പ്രബോധനം ചെയ്യുകയും ധര്‍മതത്ത്വങ്ങളും നീതിസാരങ്ങളും ഉപദേശിക്കുകയും ചെയ്ത/ചെയ്യുന്ന ഏതെങ്കിലും ഭ്രാന്തനെയോ മന്ത്രവാദിയെയോ ചൂണ്ടിക്കാണിക്കാനാകുമോ? ബുദ്ധിക്കു നിരക്കാത്തതും പരസ്പരവിരുദ്ധമായതുമായ കാര്യങ്ങള്‍ പറയുകയും പ്രവര്‍ത്തിക്കുകയും ചെയ്യുകയാണ് ഭ്രാന്ത്. മന്ത്രവാദികളും ആഭിചാരകരും സ്വയം തന്നെ ബഹുദൈവാരാധകരാണ്. ആളുകളെ ദ്രോഹിക്കാനുള്ള മന്ത്രങ്ങളാണവര്‍ പറയുക. അതിലേറെയും പെരുംകള്ളവുമായിരിക്കും. മുഹമ്മദ് നബിയെ ശൈശവം മുതലേ നിങ്ങള്‍ക്കറിയാം. കളവോ പൊളിയോ അദ്ദേഹം പറയാറില്ല. അക്രമമോ അനീതിയോ ചെയ്യാറുമില്ല. അല്‍അമീന്‍– അതിവിശ്വസ്തന്‍– എന്ന അപരാഭിധാനം നല്‍കിക്കൊണ്ട് നിങ്ങള്‍ തന്നെ സമ്മതിച്ചിട്ടുള്ള കാര്യമാണത്. അദ്ദേഹം നിങ്ങളെ പ്രബോധനം ചെയ്യുന്നതാകട്ടെ അടിസ്ഥാനപരമായി നിങ്ങളും സമ്മതിക്കുന്ന തൗഹീദ് എന്ന മൗലിക സത്യമാണ്. സത്യവും ധര്‍മവും നീതിയുമാണ് അദ്ദേഹം ഉപദേശിക്കുന്നത്. അദ്ദേഹത്തിന്റെ വ്യക്തിവിശേഷങ്ങളും പ്രബോധനം ചെയ്യുന്ന ആദര്‍ശങ്ങളുടെ സത്യമൂല്യവും അദ്ദേഹം ഭ്രാന്തനോ മാന്ത്രികനോ അല്ല, മറിച്ച് സത്യപ്രവാചകനാണെന്നതിന്റെ മതിയായ തെളിവാകുന്നു.

അതിനു പുറമെയാണ് പൂര്‍വ പ്രവാചകന്മാരുടെ, വേ

ദങ്ങളുടെ സാക്ഷ്യം. صَدَّقَ الْمُرْسَلِينَ-ന് മൂന്ന് അർഥമാനമുണ്ട്: 1) അദ്ദേഹം പൂർവ പ്രവാചകന്മാരെയെല്ലാം ദൈവദൂതന്മാരായും അവർ പ്രബോധനം ചെയ്ത പ്രമാണങ്ങളും നിയമവ്യവസ്ഥകളും വേദപ്രമാണങ്ങളും ദൈവിക നിയമങ്ങളായും അംഗീകരിക്കുന്നു. 2) അദ്ദേഹം പ്രബോധനം ചെയ്യുന്ന മൗലിക തത്ത്വങ്ങളെല്ലാം പൂർവപ്രവാചകന്മാരും പ്രബോധനം ചെയ്തിട്ടുള്ളതാണ്. അതിനാൽ അദ്ദേഹത്തിന്റെ പ്രവാചകത്വവും സന്ദേശവും കള്ളമാണെങ്കിൽ പൂർവപ്രവാചകന്മാരും അപ്രകാരമാണെന്നു പറയേണ്ടിവരും. 3) ഇസ്മാഈലികളിൽ ഒരു പ്രവാചക നിയോഗം ഇബ്റാഹീം (അ) പ്രാർഥിച്ചിട്ടുള്ളതും അദ്ദേഹത്തിനു ശേഷം ഒന്നിലധികം പ്രവാചകന്മാർ പ്രവചിച്ചിട്ടുള്ളതുമാണ്. ആ പ്രാർഥനയുടെയും പ്രവചനങ്ങളുടെയും സാക്ഷാത്കാരമാണ് മുഹമ്മദീയ പ്രവാചകത്വം. ഈ മൂന്നു മാനങ്ങളും ഇവിടെ പ്രസക്തമാകുന്നു. ●

---

إِنَّكُمْ لَذَآئِقُوا۟ ٱلْعَذَابِ ٱلْأَلِيمِ ﴿٣٨﴾

38. നിങ്ങളോ കൊടിയ ശിക്ഷയനുഭവിക്കേണ്ടവർ തന്നെയാകുന്നു.

وَمَا تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٣٩﴾

39. നിങ്ങൾക്കു ലഭിക്കുന്നത് നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ പ്രതിഫലം മാത്രമാകുന്നു.

**38,39**

إِنَّكُمْ لَذَائِقُو = നിങ്ങൾ(ളോ) അനുഭവിക്കുന്ന(ക്കേണ്ട)വർ തന്നെയാകുന്നു

الْعَذَابِ الْأَلِيمِ = വേദനയേറിയ (കൊടിയ) ശിക്ഷ

وَمَا تُجْزَوْنَ = നിങ്ങൾ പ്രതിഫലം നൽകപ്പെടുന്നില്ല (നിങ്ങൾക്കു ലഭിക്കുന്നത്)

إِلَّا مَا كُنتُمْ تَعْمَلُونَ = നിങ്ങൾ പ്രവർത്തിച്ചിരുന്നത് അല്ലാതെ (നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ പ്രതിഫലം മാത്രമാകുന്നു)

ഇവിടെ 'നിങ്ങൾ' -إِنَّكُمْ- എന്നു സംബോധന ചെയ്യുന്നത് 31-ാം സൂക്തത്തിൽ 'നമ്മൾ ദൈവവിധി അനുഭവിക്കേണ്ടവർ തന്നെയാണ്'-فَحَقَّ عَلَيْنَا قَوْلُ رَبِّنَا إِنَّا لَذَائِقُونَ- എന്ന് പറഞ്ഞവരാണ്. പ്രവാചകനും അദ്ദേഹം പ്രചരിപ്പിച്ച ആദർശങ്ങളും തികഞ്ഞ സത്യങ്ങളാണെന്നതിന് മതിയായ തെളിവുകളും ന്യായങ്ങളും ഉണ്ടായിട്ടും അവക്കുനേരെ കണ്ണുകൾ ഇറുകെ അടച്ചുകൊണ്ട് ആ സന്ദേശങ്ങൾ തള്ളിക്കളഞ്ഞവരായതിനാൽ നിങ്ങൾ കൊടിയ ശിക്ഷ അനുഭവിക്കുക തന്നെ വേണം. അത് നിങ്ങളോടുള്ള അന്യായമോ ക്രൂരതയോ അല്ല. ന്യായമായി നിങ്ങൾ അർഹിക്കുന്ന കർമഫലം മാത്രമാകുന്നു. ബഹുദൈവ വിശ്വാസവും, തൗഹീദിന്റെയും രിസാലത്തിന്റെയും ആഖിറത്തിന്റെയും നിഷേധവുമാണ് സത്യനിഷേധികളുടെ മുഖ്യ കുറ്റങ്ങൾ. ഇവയെല്ലാം വിശ്വാസപരമായ കാര്യങ്ങളാണ്; കർമങ്ങളല്ല. ഇവിടെ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്നു പറയുന്നത് ഈ അന്ധവിശ്വാസങ്ങളുടെ പ്രേരണയാൽ ചെയ്തിരുന്ന വിഗ്രഹാരാധന, കൊല, കൊള്ള, വിശ്വാസികളോടുള്ള അക്രമ മർദനങ്ങൾ, പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടൽ, അനാശാസ്യ പ്രവർത്തനങ്ങൾ തുടങ്ങിയ ദുഷ്കർമങ്ങളാണ്. മുശ്രിക്കുകളും കാഫിറുകളും ശിർക്കിന്റെയും കുഫ്റിന്റെയും പേരിൽ മൊത്തമായ ഒരു ശിക്ഷയല്ല അനുഭവിക്കേണ്ടിവരിക, അവർ ചെയ്ത ഓരോ കുറ്റവും വിചാരണ ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. ശരീഅത്ത് നിയമങ്ങൾ കാഫിറുകൾക്കും ബാധകമാണെന്ന ചില ഫുഖഹാക്കളുടെ വീക്ഷണത്തെ ഇത് ബലപ്പെടുത്തുന്നതായും പറയപ്പെടുന്നു. ●

---

إِلَّا عِبَادَ ٱللَّهِ ٱلْمُخْلَصِينَ ﴿٤٠﴾

40. എന്നാൽ അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാരുണ്ടല്ലോ;

أُو۟لَٰٓئِكَ لَهُمْ رِزْقٌ مَّعْلُومٌ ﴿٤١﴾

41. അക്കൂട്ടർക്കുള്ളത് അറിയപ്പെട്ട വിഭവങ്ങളാകുന്നു.

**40,41**

إِلَّا عِبَادَ اللَّهِ الْمُخْلَصِينَ = അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാർ ഒഴിച്ച് (എന്നാൽ അല്ലാഹുവിന്റെ നിഷ്കളങ്കരായ ദാസന്മാർ ഉണ്ടല്ലോ)

أُولَئِكَ لَهُمْ = അക്കൂട്ടർക്കുണ്ട് (ഉള്ളത്) رِزْقٌ مَّعْلُومٌ = അറിയപ്പെട്ട വിഭവങ്ങളാകുന്നു

സ്വയം പിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ഏകനായ അല്ലാഹുവിനെക്കുറിച്ച് പറയുമ്പോൾ അഹങ്കാരപ്രമത്തരാവുകയും ചെയ്യുന്നവരുടെ ദുരന്തപരിണതി പറഞ്ഞതിനെത്തുടർന്ന് നിഷ്കളങ്കരായ ദൈവദാസന്മാരായി വർത്തിച്ച സജ്ജനങ്ങളുടെ സൽഗതി വിവരിക്കുകയാണിനി. عبد-ന്റെ ബഹുവചനമാണ് عباد. ഈ രണ്ടു പദങ്ങളും ഖുർആൻ അധികവും ഉപയോഗിക്കാറുള്ളത് അല്ലാഹുവിലേക്കു ചേർത്തുകൊണ്ടാണ്. ഉദാ: سُبْحَانَ الَّذِي أَسْرَىٰ بِعَبْدِهِ (തന്റെ അടിമയെ നിശാസഞ്ചാരം ചെയ്യിച്ചവൻ പരമപരിശുദ്ധൻ - 17:1), وَاذْكُرْ عَبْدَنَا دَاوُودَ ذَا الْأَيْدِ (മഹാ ബാഹുവായിരുന്ന, നമ്മുടെ ദാസൻ ദാവൂദിനെ ഓർക്കുക - 38:17), وَاذْكُرْ عِبَادَنَا إِبْرَاهِيمَ وَإِسْحَاقَ وَيَعْقُوبَ (നമ്മുടെ അടിയാറുകളായ ഇബ്റാഹീമിനെയും ഇസ്ഹാഖിനെയും യഅ്ഖൂബിനെയും ഓർക്കുക - 38:45) يَا عِبَادِ لَا خَوْفٌ عَلَيْكُمُ الْيَوْمَ وَلَا أَنتُمْ تَحْزَنُونَ (എന്റെ അടിയാറുകളേ, ഇന്ന് നിങ്ങൾ ഭയക്കേണ്ടതില്ല, ദുഃഖിക്കേണ്ടതുമില്ല - 43:68). ഇത്തരം സന്ദർഭങ്ങളിലെല്ലാം ഈ പ്രയോഗങ്ങൾക്ക് അല്ലാഹുവിന്റെ ഇഷ്ട ദാസന്മാർ എന്ന ധ്വനിയുണ്ട്. ഇതിൽനിന്ന് ഭിന്നമായ ധ്വനിയിലും ചുരുക്കം ചിലയിടങ്ങളിൽ ഈ പ്രയോഗമുണ്ട്. 17:5-ൽ പറഞ്ഞു: بَعَثْنَا عَلَيْكُمْ عِبَادًا لَّنَا أُولِي بَأْسٍ شَدِيدٍ (നാം നിങ്ങൾക്കെതിരെ നമ്മുടെ ചില ഊറ്റമേറിയ ദാസന്മാരെ നിയോഗിച്ചു), أَأَنتُمْ أَضْلَلْتُمْ عِبَادِي هَٰؤُلَاءِ (നിങ്ങളാണോ എന്റെ ഈ അടിമകളെ വഴിതെറ്റിച്ചത്? - 25:17). ഇത്തരം സന്ദർഭങ്ങളിൽ 'എന്റെ ദാസന്മാർ' എന്ന പ്രയോഗത്തിൽ വിപരീത ധ്വനിയാണുള്ളതെന്ന് സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നതാണ്.

അല്ലാഹു മനുഷ്യനെ 'എന്റെ ദാസൻ', 'എന്റെ ദാസന്മാർ' (عبادي ، عبدى) എന്ന് നേരിട്ട് സംബോധന ചെയ്യുന്നത് ആ വ്യക്തിക്കും സംഘത്തിനും ലഭിക്കുന്ന ബഹുമതിയായിട്ടാണ് പൊതുവിൽ കണക്കാക്കപ്പെടുന്നത്.

مُخْلَصِين-ന് مُخلِصِين എന്നും പാഠമുണ്ട്. നിഷ്കളങ്കമാക്കപ്പെട്ടത് അല്ലെങ്കിൽ കെട്ടതൊഴിവാക്കി തെരഞ്ഞെടുക്കപ്പെട്ടതാണ് مُخْلَص. അല്ലാഹുവിന്റെ കറകളഞ്ഞ ദാസനായി, അവന്റെ സാമീപ്യം പ്രാപിക്കാൻ അല്ലാഹുവിങ്കൽനിന്ന് തൗഫീഖ് ലഭിച്ചവൻ. വിധേയത്വവും ഭക്തിയും അല്ലാഹുവിനു മാത്രം സമർപ്പിച്ചവൻ -مُخْلِص له الدّين- ആണ് مَخْلِصْ. രണ്ടിന്റെയും കാതലായ ആശയം ഒന്നുതന്നെ.

പ്രവാചക സന്ദേശം സ്വീകരിച്ച് നിഷ്കളങ്കമായി അല്ലാഹുവിന് വഴിപ്പെട്ടു വർത്തിച്ചവർക്ക് സുനിശ്ചിതമായ വിഭവങ്ങൾ ലഭിക്കുന്നു. നിലനിൽപിനാവശ്യമായ എല്ലാ വിഭവങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് رزق. ആഹാരമാണ് അതിൽ മുഖ്യം. അറിയപ്പെട്ടതും സുപരിചിതമായതുമാണ് ഭാഷയിൽ معلوم. സുനിശ്ചിതമായത്, ഉറപ്പായത് എന്നീ അർഥങ്ങളിലും ഉപയോഗിക്കും. വിവിധ വ്യാഖ്യാതാക്കൾ ഈ മൂന്നർഥങ്ങളിലും ഇതിനെ വ്യാഖ്യാനിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ള സ്വർഗീയ വിഭവങ്ങൾ എന്നാണ് 'അറിയപ്പെട്ടത്' എന്ന് അർഥം കൽപിക്കുന്നവർ رزق-നെ വിശദീകരിക്കുന്നത്. സുനിശ്ചിതം എന്ന് അർഥം നൽകുന്നവർ, സ്വർഗവാസികൾ ആഗ്രഹിക്കുന്നതും നിശ്ചയിക്കുന്നതും അവർക്കായി സവിശേഷം തയാറാക്കപ്പെട്ടതും എന്നു വിശദീകരിക്കുന്നു. തീർച്ചയായും ലഭിക്കുമെന്നുറപ്പുള്ളത് എന്നാണ് മൂന്നാമത്തെ അർഥം സ്വീകരിക്കുന്നവരുടെ ദൃഷ്ടിയിൽ معلوم. അതായത് ഭൗതിക ലോകത്ത് കൃഷിയിലൂടെയാവട്ടെ കച്ചവടത്തിലൂടെയാവട്ടെ മറ്റു തൊഴിലുകളിലൂടെയാവട്ടെ, സമ്മാനങ്ങളോ ദാനധർമങ്ങളോ ആയിട്ടാവട്ടെ വിഭവലഭ്യത ഉറപ്പുള്ള കാര്യമല്ല; എല്ലാം സംശയാസ്പദമാണ്. കൃഷി നശിക്കാം, കച്ചവടം നഷ്ടപ്പെടാം, അധ്വാനത്തിന് വേതനം ലഭിച്ചില്ലെന്നുവരാം, സംഭാവനയായോ ദാനമായോ ഒന്നും കിട്ടിയില്ലെന്നുവരാം. ആകാംക്ഷയും പ്രതീക്ഷയുമാണ് എല്ലാറ്റിലുമുള്ളത്. എന്നാൽ സ്വർഗീയ വിഭവങ്ങളുടെ കാര്യത്തിൽ സജ്ജനത്തിന് ആശങ്കക്കോ ആകാംക്ഷക്കോ വകയില്ല. അത് ലഭിക്കുമെന്ന കാര്യം ഉറപ്പാകുന്നു. ●

فَوَاكِهُ ۖ وَهُم مُّكْرَمُونَ ﴿٤٢﴾

42. രുചികരമായ ഭോജ്യങ്ങൾ. സമാദരണീയരായ അവസ്ഥയിൽ അവർക്കതു ലഭ്യമാകുന്നു.

فِي جَنَّاتِ النَّعِيمِ ﴿٤٣﴾

43. അനുഗൃഹീത സ്വർഗത്തിൽ.

**42,43**

فَوَاكِهُ = പഴങ്ങൾ (രുചികരമായ ഭോജ്യങ്ങൾ)

وَهُم مُّكْرَمُونَ = അവർ ബഹുമാനിക്കപ്പെട്ടവരായ (സമാദരണീയരായ) അവസ്ഥയിൽ (അവർക്കതു ലഭ്യമാകുന്നു)

فِي جَنَّاتِ النَّعِيمِ = അനുഗൃഹീത സ്വർഗത്തിൽ

رزق-ന്റെ വിശദീകരണമാണ് فواكه. ഇതിന്റെ ഏകവചനമായ فَاكِهَة പഴമാണ്. എങ്കിലും രുചികരമായ മറ്റു ഭോജ്യങ്ങളെയും അതുൾക്കൊള്ളുന്നുണ്ട്. പശിയടക്കാനും പോഷണത്തിനും വേണ്ടി കഴിക്കുന്ന ഭക്ഷണം طعام ആണ്. രുചിയാസ്വദിക്കുന്നതിനു വേണ്ടി കഴിക്കുന്ന പഴങ്ങളും പലഹാരങ്ങളുമാണ് فواكه. സ്വർഗത്തിൽ ലഭിക്കുന്ന വിഭവങ്ങളെല്ലാം فواكه ആണ്. വിശപ്പും ദാഹവും പോഷണക്കുറവും ക്ഷീണവുമില്ലാത്ത ലോകമാണത്. അതുകൊണ്ട് ഭക്ഷണം അവരുടെ

നിലനിൽപിന്റെ അനിവാര്യ ഘടകമല്ല. മധുര സംഗീതവും കമനീയ ദൃശ്യങ്ങളും പോലെയുള്ള ആനന്ദോപാധികളാണ് അവർക്ക് അന്നപാനീയങ്ങൾ. ഈ വിഭവങ്ങൾ വേണമെങ്കിൽ തിന്നോ എന്ന മട്ടിൽ എറിഞ്ഞുകൊടുക്കുകയല്ല. സ്വർഗസ്ഥർ അത്യന്തം ആദരവോടെ സ്നേഹമസൃണമായി പരിചരിക്കപ്പെടുന്നവരാകുന്നു. അവരാഗ്രഹിക്കുന്നതെല്ലാം ആഗ്രഹിക്കുന്നിടത്ത് തികഞ്ഞ മര്യാദയോടെ, വിനയത്തോടെ വിളമ്പിക്കിട്ടുന്നു. ●

---

عَلَىٰ سُرُرٍ مُّتَقَٰبِلِينَ ﴿٤٤﴾

يُطَافُ عَلَيْهِم بِكَأْسٍ مِّن مَّعِينٍ ﴿٤٥﴾

بَيْضَآءَ لَذَّةٍ لِّلشَّٰرِبِينَ ﴿٤٦﴾

لَا فِيهَا غَوْلٌ وَلَا هُمْ عَنْهَا يُنزَفُونَ ﴿٤٧﴾

وَعِندَهُمْ قَٰصِرَٰتُ ٱلطَّرْفِ عِينٌ ﴿٤٨﴾

كَأَنَّهُنَّ بَيْضٌ مَّكْنُونٌ ﴿٤٩﴾

44. അവർ ചാരുമഞ്ചങ്ങളിൽ അഭിമുഖമായി ഉപവിഷ്ടരാകുന്നു.

45. ഉറവയിൽനിന്നുള്ള മദ്യചഷകത്താൽ അവർ പ്രദക്ഷിണം ചെയ്യപ്പെട്ടുകൊണ്ടിരിക്കും.

46. പാനം ചെയ്യുന്നവർക്ക് അതിരസകരമായ ധവള പാനീയം.

47. അതിൽ പൈശാചിക ദുഷ്ടുകളില്ല. പാനം ചെയ്യുന്നവർ ബോധരഹിതരാകുന്നുമില്ല.

48. അവരുടെ ചാരെ ലജ്ജാവതികളായ നിമീലിത വിശാലാക്ഷികളുമുണ്ടായിരിക്കും.

49. ഒട്ടകപ്പക്ഷി ഒളിച്ചുസൂക്ഷിച്ച മുട്ടയെന്നോണമുള്ള മുഗ്ധകൾ.

**44-49**

عَلَىٰ سُرُرٍ مُّتَقَابِلِينَ = ചാരുമഞ്ചങ്ങളിൽ അഭിമുഖരായ നിലയിൽ (ഉപവിഷ്ടരാകുന്നു)

يُطَافُ عَلَيْهِم = അവരുടെ മേൽ ചുറ്റിക്കപ്പെടുന്നു (പ്രദക്ഷിണം ചെയ്യപ്പെട്ടുകൊണ്ടിരിക്കും)

بِكَأْسٍ = (മദ്യ) ചഷക(ത്താൽ)വും കൊണ്ട്

مِّن مَّعِينٍ = ഉറവയിൽ, നദിയിൽനിന്നുള്ള بَيْضَاءَ = വെളുത്ത (ധവള പാനീയം)

لَذَّةٍ لِّلشَّارِبِينَ = കുടിയന്മാർക്ക് രസം ആയത് (പാനം ചെയ്യുന്നവർക്ക് അതിരസകരമായ)

لَا فِيهَا غَوْلٌ = അതിൽ പിശാച് (പൈശാചിക ദുഷ്ടുകൾ) ഇല്ല

وَلَا هُمْ عَنْهَا يُنزَفُونَ = അവർ അതിനാൽ വറ്റിക്കപ്പെടുന്നവരുമല്ല (പാനം ചെയ്യുന്നവർ ബോധരഹിതരാകുന്നുമില്ല)

وَعِندَهُمْ = അവരുടെ അടുക്കൽ (ചാരെ) ഉണ്ടായിരിക്കും

قَاصِرَاتُ الطَّرْفِ عِينٌ = നോട്ടം ചുരുക്കിയവരായ വിശാലാക്ഷികൾ (നമീലിത വിശാലാക്ഷികൾ)

كَأَنَّهُنَّ بَيْضٌ مَّكْنُونٌ = ഒളിപ്പിക്കപ്പെട്ട മുട്ട(ഒട്ടകപ്പക്ഷി ഒളിച്ചു സൂക്ഷിച്ച മുട്ട)യെന്നോണമുള്ള(മുഗ്ധകൾ)വർ

സ്വർഗവാസികൾ അവരുടെ സഖാക്കളോടു സല്ലപിച്ചുകൊണ്ട് ചാരുമഞ്ചങ്ങളിൽ അഭിമുഖമായി മരുവുകയായിരിക്കും. سرير-ന്റെ ബഹുവചനമാണ് سُرُر. ഇരിക്കാനും കിടക്കാനും ഉതകുന്ന പീഠം - കട്ടിലും സോഫയും മറ്റും- ആണ് سرير. അവർക്കു ചുറ്റും മദ്യചഷകങ്ങൾ കറങ്ങുന്നുണ്ടാകും. അതുമായി ചുറ്റിനടക്കുന്നത് ആരാണെന്ന് ഇവിടെ വ്യക്തമാക്കിയിട്ടില്ല. സൗന്ദര്യവും ഓമനത്തവും തുളുമ്പുന്ന ബാലകരായിരിക്കുമെന്ന് 56:17,18-ലും 76:19-ലും 52:24-ലും വ്യക്തമാക്കിയിരിക്കുന്നു. മദ്യം നിറച്ച ചഷകത്തെയാണ് ഖുർആൻ كَأْس എന്നു പറഞ്ഞിട്ടുള്ളതെന്ന് ഇബ്നു അബ്ബാസും അഖ്ഫശിയും ളഹ്ഹാക്കും പ്രസ്താവിച്ചിട്ടുള്ളതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഒഴുകിക്കൊണ്ടിരിക്കുന്നതാണ് معين. 47:15-ൽ وَأَنْهَارٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّارِبِينَ- 'സ്വർഗലോകത്ത് പാനം ചെയ്യുന്നവരെ രസിപ്പിക്കുന്ന മദ്യനദികളുമുണ്ടായിരിക്കും' എന്നു പറയുന്നുമുണ്ട്.

ഭൗതികലോകത്ത് മാനസികാനന്ദം നൽകുന്ന പാനീയമാണ് മദ്യം. ആ അർഥത്തിൽ മാത്രമാണ് സ്വർഗീയ പാനീയത്തെ മദ്യം എന്നു വിളിക്കുന്നത്. ഭൗതിക മദ്യത്തിന് ബുദ്ധിയെ മന്ദിപ്പിക്കുക, ശരീരം തളർത്തുക, തലവേദന, ഛർദി, അരുചി, ദുർഗന്ധം തുടങ്ങിയ ഒട്ടേറെ ദോഷങ്ങളുമുണ്ട്. അതൊന്നും സ്വർഗ ലോകത്തെ മദ്യത്തിനുണ്ടായിരിക്കില്ല. അതു പാലു വെളുത്തതും ഏറെ രുചികരവുമായിരിക്കും. وَعِندَهُمْ قَاصِرَاتُ الطَّرْفِ عِينٌ 'അവരുടെ അടുക്കൽ നിമീലിത വിശാലാക്ഷികൾ ഉണ്ട്' എന്നാണ് അവരെപ്പറ്റി പറയുന്നത്. അവരാണ് മദ്യവുമായി ചുറ്റി നടക്കുന്നതെങ്കിൽ 45-ാം സൂക്തത്തിൽ അതു വ്യക്തമാക്കുമായിരുന്നു. കൂടാതെ قاصرات الطّرف -നിമീലിതാക്ഷികൾ അല്ലെങ്കിൽ പരിമിത ദൃഷ്ടികൾ എന്ന വിശേഷണം മദ്യം വിളമ്പുന്നവർക്ക് യോജിക്കുന്നുമില്ല. സഭയിൽ ചുറ്റിനടന്നു വിളമ്പുന്ന സ്ത്രീകൾ നിമീലിത ദൃഷ്ടികളാകുന്നതെങ്ങനെ? അവർ എല്ലാവരെയും നോക്കാൻ നിർബന്ധിതരല്ലേ? അതു കുടിച്ചാൽ ശരീരം തളരുകയോ തലവേദനിക്കുകയോ ഛർദിക്കുകയോ ഇല്ല. لَا فِيهَا غَوْلٌ എന്നാണ് മൂലവാക്യം. പ്രേതം, പിശാച്, മദ്യസേവ മൂലമുണ്ടാകുന്ന ബോധക്കേട്, തളർച്ച, തലവേദന തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിക്കുന്ന പദമാണ് غول. സ്വർഗീയ പാനീയത്തിൽ ഇത്തരം പൈശാചിക ദോഷങ്ങളില്ല എന്നാണ് لَا فِيهَا غَوْلٌ-ന്റെ താൽപര്യം. അതു കുടിച്ചവർ മദോന്മത്തരാകുന്നുമില്ല. ഭാഷയിൽ يُنزَفُونَ 'വറ്റിക്കപ്പെടുന്നവർ' ആണ്. يَنْزِفُون എന്ന് കർത്തരി പ്രയോഗത്തിലും പാഠമുണ്ട്. രക്തം വാർന്നുപോകുന്നതിന് نزف الدّم എന്നു പറയും. نَزَفَ مَاء الْبِئْر എന്നാൽ കിണറ്റിലെ വെള്ളം പറ്റേ വറ്റിച്ചു. ബോധത്തെ രക്തത്തോട് സാദൃശ്യപ്പെടുത്തിക്കൊണ്ട് أُنْزِفَ الشارِبُ - മദ്യപാനിയുടെ ബോധം മുഴുവൻ ചോർന്നു പോയി എന്നു പറയും. സ്വർഗീയ പാനീയം കഴിക്കുന്നതുമൂലം സ്വർഗസ്ഥർ ഒരിക്കലും ലഹരി ബാധിച്ച് അബോധാവസ്ഥയിലാകുന്നില്ല എന്നാണ് وَلَا هُمْ يُنزَفُونَ-ന്റെ താൽപര്യം.

സ്വർഗസ്ഥർക്കൊപ്പം സുന്ദരികളായ തരുണീമണികളുമുണ്ടായിരിക്കും. മദ്യചഷകങ്ങളുമായി ചുറ്റി നടക്കുന്നത് ഈ തരുണികളാണെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. പുരാതന കാലത്തേ വൻകിടക്കാരുടെ മദ്യസദിരുകളിൽ നൃത്തം ചെയ്യാനും വിളമ്പാനും യുവതികളുടെ സാന്നിധ്യം സാധാരണമായിരുന്നു. മുന്തിയ ബാറുകളിൽ ഇന്നും അതുണ്ട്. ഈ സമ്പ്രദായത്തെ ആസ്പദമാക്കിയാണ് സ്വർഗസ്ഥർക്കൊപ്പമുള്ള തരുണികളെ മദ്യം വിളമ്പുന്നവരായി വ്യാഖ്യാനിക്കുന്നത്. قصر-ൽനിന്നുള്ള സ്ത്രീലിംഗ കർതൃവചനമാണ് قاصرات. നാമപദമാകുമ്പോൾ قصر കോട്ടയും കൊട്ടാരവുമാണ്. ക്രിയാ നാമമാകുമ്പോൾ കുറക്കലും ചുരുക്കലും പരിമിതപ്പെടുത്തലുമാകുന്നു. ക്രിയാനാമത്തിൽനിന്നുള്ള കർതൃപദമായിട്ടാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. طرف-നും രണ്ടർഥമുണ്ട്. അറ്റമാണ് ഒന്ന്. മറ്റേത് കണ്ണ്. الطرف കണ്ണാകുമ്പോൾ അതിന് ബഹുവചനമില്ല. ഈ അർഥത്തിലുള്ള طَرْف യഥാർഥത്തിൽ പുരികം ചലിപ്പിച്ചു എന്ന അർഥത്തിലുള്ള طَرَف-യുടെ ക്രിയാനാമമാണ്. പിന്നീടത് കണ്ണിനെ കുറിക്കുന്ന പദമായും ഉപയോഗിക്കപ്പെട്ടു. ദൃഷ്ടികൾ അഥവാ നോട്ടം കുറക്കുന്നവരാണ് قَاصِرَاتُ الطَّرْفِ.

മലയാളത്തിലെ നമിലത(കണ്ണ് കൂമ്പിയവൾ)ക്ക് സമാനമായ പ്രയോഗമാണ് قَاصِرَاتُ الطَّرْفِ. അനാവശ്യമായത് നോക്കാത്തവരും കണ്ടാൽ കണ്ടില്ലെന്നു നടിക്കുന്നവളുമായ ലജ്ജാവതി. സ്വന്തം ഇണകളെയല്ലാതെ മറ്റാരെയും നോക്കാത്തവർ എന്നാണ് പൂർവസൂരികളുടെ വ്യാഖ്യാനം. عيناء (വിശാലമായ കണ്ണ്)-ന്റെ ബഹുവനചമാണ് عين; ഇത് സ്ത്രീസൗന്ദര്യത്തിന്റെ ഭാഗമാണ്. ഒളിച്ചുവെക്കപ്പെട്ട മുട്ടകളെന്നോണം എന്ന വാക്യം ആ തരുണികളുടെ വിശുദ്ധിയുടെയും മുഗ്ധതയുടെയും വർണനയാണ്. ഒട്ടകപ്പക്ഷിയുടെ മുട്ടയാണ് മുട്ട കൊണ്ടു വിവക്ഷ. ഏറെ ഭംഗിയാർന്ന നിറവും മിനുസവും വലിപ്പവുമുള്ളതാണ് ഈ മുട്ട. മുട്ടയിട്ടാൽ മണലിൽ കുഴിയുണ്ടാക്കി മൃദുലമായ സ്വന്തം തൂവൽ വിരിച്ച് അതിൽ വെച്ച് മൂടുകയാണത്രെ ഒട്ടകപ്പക്ഷിയുടെ രീതി. അതുകൊണ്ടാണീ മുട്ടയെ ഒളിച്ചു സൂക്ഷിച്ച -مَّكْنُونٌ- എന്നു വിശേഷിപ്പിച്ചത്. പുരാതന അറബി കവികൾ അവരുടെ കാമുകിമാരെ ഒട്ടകപ്പക്ഷിയുടെ മുട്ടയായി വർണിക്കാറുണ്ടായിരുന്നു. ഇംറുഉൽ കൈസ് പാടി:

وبيضةِ خِدْرٍ لايرام خباءُها تمتعت من لهو بها غير مُعْجَل

'ആർക്കും പ്രാപിക്കാനാവാത്ത കൂടാരത്തിലൊളിഞ്ഞിരിക്കുന്ന എത്രയോ മുട്ടകൾ! ഒട്ടും ബദ്ധപ്പെടാതെ ഞാനവളുമായി ശൃംഗരിച്ചു രസിച്ചിരിക്കുന്നു.' ●